പ്രൊഹിബിഷൻ കേസുകൾ

*൭൦. (വ്യ൨) ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മദ്യനിരോധന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

എത്ര പ്രൊഹിബിഷൻ കേസുകൾ ബഹു. ഗവൺമെൻറിൽനിന്നും പിൻവലിച്ചിട്ടുണ്ടു്.

എക്സൈസും വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

രണ്ടു പ്രതികളുടെ പേരിലുള്ള പ്രോസിക്യൂഷൻ പിൻവലിച്ചിട്ടുണ്ടു്.

അഴിഞ്ഞുനടക്കുന്ന കന്നുകാലികൾ

*൭൧. (വ്യ൪) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

അഴിഞ്ഞുനടക്കുന്ന കന്നുകാലികൾ ഗ്രാമപ്രദേശങ്ങളിലെ പലയിനം കൃഷികൾക്കും നട്ടതലുകൾക്കും നാശം വരുത്തുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി ശ്രീ. ഇ൯. ജാൺ ഫിലിപ്പോസ്:

ശ്രദ്ധയിൽപെട്ടിട്ടുണ്ടു്.

വിദ്യുച്ഛക്തി

*൭൨. (൯൩) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതു മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലായിൽനിന്നും ഇരവിപേരൂർ, കുമ്പനാടു്, വഴി കോഴഞ്ചേരിക്കു്, വിദ്യുച്ഛക്തി നീട്ടാൻ പൊതുജനാഭ്യർത്ഥനകൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തി?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്):

(എ) കുമ്പനാട്ടിലേക്കു വിദ്യുച്ഛക്തി നീട്ടുവാൻവേണ്ടി ചാർജികൾ കിട്ടിയിട്ടുണ്ടു്.

(ബി) ഇതിനുവേണ്ടി ഒരു എസ്റ്റിമേറ്റു് തയാറാക്കുകയുണ്ടായി. പക്ഷേ ഗവൺമെൻറിലേക്കു പ്രതീക്ഷിക്കപ്പെട്ട വരുമാനം നിശ്ചിത തോതിൽ കുറവായാണു് കാണപ്പെട്ടതു്. കോഴഞ്ചേരിക്കു വിദ്യുച്ഛക്തി കൊടുക്കുന്നതിനുള്ള പണി ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്. ചെങ്ങന്നൂരിൽനിന്നു മൈൻ നീട്ടുന്നുണ്ടു്.

വില്ലേജു് യൂണിയൻ മുഖാന്തിരം ഗൃഹനിർമ്മാണം

*൭൩. (൯൫) ശ്രീ. കെ. ശാർങ്ഗധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) സാധുക്കൾക്കു വീടുപണിയുന്നതിനായി ഏതെങ്കിലും വില്ലേജു യൂണിയൻ മുഖാന്തിരം രൂപയോ തടിയോമറ്റു സാധനങ്ങളോ വിതരണം ചെയ്യിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വില്ലേജു് യൂണിയനുകളെന്നും, വിതരണം ചെയ്യുതു് എന്തൊക്കെയാണെന്നും എതു വീതമെന്നും ദയവായി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസും, വ്യവസായവും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണരാമൻ):

(എ) ഇല്ല.

(ബി) എയുടെ ഉത്തരത്തിൽ ബി ഉദിക്കുന്നില്ല.

സക്കാർ ഡിസ്റ്റിലറികൾ

* ൭൪. (൧൦൧) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സക്കാർവക എത്ര ഡിസ്റ്റിലറികൾ ഇപ്പോൾ ഉണ്ട്;

(ബി) എന്ത വ്യവസ്ഥയിൽ അതൊക്കെല്ലാം കൊടുത്തിരിക്കുന്നു;

(സി) ഇപ്പോൾ സ്വീകരിച്ചു നയം സാധാരണ കീഴ്നടപ്പിനു വിരുദ്ധമാണോ;

(ഡി) കഴിഞ്ഞ അഞ്ചു കൊല്ലങ്ങളിൽ പ്രതിവർഷം ഇവയിൽനിന്നും ഗവൺമെൻറിലേക്ക് എന്ത വീതം കിട്ടിയിരിക്കുന്നു?

എക്സൈസും, വ്യവസായവും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണരാമൻ):

(എ) ഒന്നു, അതായത് തൃശ്ശൂർ ഡിസ്റ്റിലറി.

(ബി) കൊച്ചി പ്രദേശത്തിലേക്കു ചാരായം വിതരണം ചെയ്യാൻ കരാറുകപിടിച്ചിട്ടുള്ള ശ്രീ. പി. ജെ. ജാർജ്ജിനു പ്രസ്തുത ഡിസ്റ്റിലറി താഴെ പറയുന്ന വ്യവസ്ഥകളനുസരിച്ചു കൊടുത്തിട്ടുണ്ട്.

(൧) കണ്ടോൺമെൻറ് മാസം ഒന്നുക്കു ൪൫ രൂപാ ൧൦ അണ. വൈസാവാടക കൊടുക്കണം.

(൨) ഡിസ്റ്റിലറി കെട്ടിടങ്ങൾക്കും യന്ത്രങ്ങൾക്കും ഉണ്ടാകാവുന്ന ചില്ലറ അറ്റകുറ്റങ്ങൾ കണ്ടോൺമെൻറ് ശരിപ്പെടുത്തണം.

(൩) കെട്ടിടം യന്ത്രം മുതലായവയുടെ സൂക്ഷിപ്പിനു കണ്ടോൺമെൻറ് ഉത്തരവാദിയാണ്. ഇതു സംബന്ധിച്ചു വല്ല നഷ്ടവും ഗവൺമെൻറിനു ഉണ്ടാകുന്നപക്ഷം അതു കണ്ടോൺമെൻറിൽനിന്നും ഈടാക്കുന്നതാണ്.

(സി) അല്ലാ.

(ഡി) ആവശ്യപ്പെട്ടിട്ടുള്ള വിവരം രേഖപ്പെടുത്തുവരുന്നു.

പഞ്ചായത്തു തെരഞ്ഞെടുപ്പ്

* ൭൫. (൧൦൩) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പഞ്ചായത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചിയിലെ പഞ്ചായത്തു തെരഞ്ഞെടുപ്പു കഴിഞ്ഞു് എത്ര കൊല്ലമായി;

(ബി) ഇപ്പോൾ ടി തെരഞ്ഞെടുപ്പു നീട്ടിക്കൊണ്ടു പോകുന്നതിൻെറ കാരണമെന്തു്;

(സി) എപ്പോൾ തെരഞ്ഞെടുപ്പു നടത്താമെന്നുദ്ദേശിക്കുന്നു?

എക്സൈസും, വ്യവസായവും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണരാമൻ):

(എ) കൊച്ചിയിലെ കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പു ൧൯൫൫, ൧൯൫൬ എന്നീ വർഷങ്ങളിലായിരുന്നു.

(ബി) പുതിയ പഞ്ചായത്താക്ടു പ്രകാരം തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തിലെ പഞ്ചായത്തുകളുടെ പുനഃസംഘടന പൂർത്തിയാകുന്നതുവരെ പഞ്ചായത്തു തെരഞ്ഞെടുപ്പു നടത്താൻ നിവൃത്തിയില്ല.

(സി) ൧൯൫൭ ആദ്യമാസങ്ങളിൽ.

LIBRARY ARCHIVES Kerala Legislative Assembly